# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4136 — 16.12.2014-ൽ മറുപടി പറയേണ്ടിയിരുന്നത്

## വില്പന നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധന ഉണ്ടാകാതിരുന്നതിന്റെ കാരണങ്ങൾ

**ചോദ്യം**

ശ്രീ.എം.ചന്ദ്രൻ

**മറുപടി**

ഡോ.ടി.എം.തോമസ് ഐസക്,
(ധനകാര്യവും കയറും വകുപ്പമന്ത്രി)

എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാന വില്പന നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധന ഉണ്ടാകാതിരുന്നതിന്റെ പ്രധാന കാരണങ്ങൾ അറിയാമോ; വിശദമാക്കാമോ ;

എ) 2014 ഓണക്കാലത്ത് സംസ്ഥാന വില്പന നികുതി വരുമാനത്തിൽ 19% വർദ്ധന ഉണ്ടായിട്ടുണ്ട്. 26% വർദ്ധന ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. റബ്ബറിന്റെ വിലയിടിവ് മോട്ടോർ വാഹനവില്പനയിൽ വന്ന കുറവ് ബാർ ഹോട്ടലുകൾ അടച്ചതിനാൽ ടേണോവർ ടാക്സിലും, പാചകം ചെയ്ത ഭക്ഷണത്തിൽ നിന്നുള്ള നികുതിയിൽ കുറവുണ്ടായത് വരുമാനത്തെ ബാധിച്ചു. സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗ് നികുതി നിരക്ക് 125 ശതമാനത്തിൽ നിന്നും 115 ശതമാനമാക്കി കുറവ് ചെയ്തതും വിൽപ്പന നികുതി വരുമാനത്തിൽ കുറവുണ്ടാകാൻ കാരണമായി.

ബി) ഈ വർഷം ഓണക്കാലത്ത് വില്പന നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നു; ലഭിച്ചത് എത്ര; കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഇതേ കാലയളവിൽ എത്ര ശതമാനമായിരുന്നു;

ബി) 2014 ഓണക്കാലത്ത് വില്പന നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചത് 2675 കോടി രൂപയായിരുന്നു. വരുമാനമായി ലഭിച്ചത് 2517.52 കോടി രൂപയാണ്. ഇത് പ്രതീക്ഷിച്ചതിന്റെ 94% ആണ്. മുൻ വർഷങ്ങളിൽ ഇതേ കാലയളവിൽ ലഭിച്ചതിന്റെ ശതമാനം ചുവടെ ചേർക്കുന്നു.

| വർഷം | പ്രതീക്ഷിച്ച വരുമാനം (തുക കോടിയിൽ) | ലഭിച്ച വരുമാനം (തുക കോടിയിൽ) | ലഭിച്ചതിന്റെ ശതമാനം |
|---|---|---|---|
| 2012-13 (സെപ്തംബർ മാസം) | 1961.00 | 1871.99 | 95 |
| 2013-14 (സെപ്തംബർ മാസം) | 2331.10 | 2123.10 | 91 |

(സി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം നികുതികളായിരുന്നു വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നത്; അതിന്റെ പശ്ചാത്തലത്തിൽ നികുതി വർദ്ധന എത്ര ശതമാനമായി ഉയരേണ്ടതുണ്ടായിരുന്നു; എന്നിട്ടും ആനുപാതിക വളർച്ച ഉണ്ടാകാതിരുന്നത് ഏതെല്ലാം കാരണങ്ങൾ കൊണ്ടായിരുന്നു ?

(സി) എക്സൈസ് വകുപ്പിൽ വിവിധയിനത്തിലുള്ള ലൈസൻസ് ഫീസുകളും ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്നതിനുള്ള പിഴകളും ഉൾപ്പെടെയുള്ള നികുതികളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടായിരുന്ന വരുമാനവും അതാത് സാമ്പത്തിക വർഷത്തെ റവന്യൂ വരുമാനവും ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (തുക കോടിയിൽ) | റവന്യൂ വരുമാനം (തുക കോടിയിൽ) |
|---|---|---|
| 2011-12 | 2050 | 1888.88 |
| 2012-13 | 2550 | 2249.75 |
| 2013-14 | 2801 | 1931.89 |
| 2014-15 | 3208 | 1128.36 (നവംബർ വരെ) |

2014-15 വർഷത്തിൽ എക്സൈസ് റവന്യൂ വരുമാനത്തിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റായി നിശ്ചയിച്ചിട്ടുള്ളത് 3208.36 കോടി രൂപയാണ്. 2014 നവംബർ മാസം 30 വരെയുള്ള റവന്യൂ വരുമാനം 1128.36 കോടി രൂപയാണ്. എക്സൈസ് വകുപ്പിൽ ആനുപാതിക വളർച്ച ഉണ്ടാകാതിരുന്നത് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിലുണ്ടായ കുറവ് മൂലമാണ്.

എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശ മദ്യ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻ വർഷങ്ങളിലെ വിദേശമദ്യ വില്പനയുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാനിരക്കിൽ കുറവ് വന്നിട്ടുണ്ട്. വിദേശമദ്യ വില്പനയുടെ പ്രതിവർഷ വളർച്ചാനിരക്ക് 2010-11 വർഷത്തിൽ 16% ആയിരുന്നത് -1% എന്ന തോതിലേക്ക് 2013-14 വർഷത്തിൽ കുറവ് വന്നിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 244.33 ലക്ഷം കെയ്സ് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം വില്പന നടന്നപ്പോൾ 2013-14 സാമ്പത്തിക വർഷത്തിൽ 240.67 ലക്ഷം കെയ്സ് മദ്യം മാത്രമാണ് വില്പന നടന്നത്. 2014 ആഗസ്റ്റ് മാസം അവസാനത്തോടു കൂടി 2014-15 സാമ്പത്തിക വർഷത്തെ മദ്യ നയം പ്രഖ്യാപിച്ചതു കൊണ്ട് 2014 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വില്പനയിൽ 2013 ലെ ഇതേ മാസങ്ങളിലെ വില്പനയേക്കാൾ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ എക്സൈസ് വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ട്.

കാലയളവിൽ 9.99 കോടി രൂപയുടെ വർദ്ധനവ് ലാന്റ് റവന്യൂ വകുപ്പിലെ വരുമാനത്തിൽ ഉണ്ടായിട്ടുണ്ട്.

പാൻമസാല, പാൻ ചട്ട്ണി എന്നിവയുടെ നികുതി നിരക്ക്, ആഡംബര കാറുകളുടെ വിൽപനയിന്മേലുള്ള സെസ്സ്, സാമൂഹ്യ സുരക്ഷാ സെസ്സ്, സിഗററ്റിന്റെയും സമാന ഉത്പന്നങ്ങളുടെയും നികുതിനിരക്കുകൾ, ക്രഷർ മെറ്റൽ, പ്ലാസ്റ്റിക് ബാഗുകൾ, പ്ളാസ്റ്റിക് കപ്പുകൾ, പ്ലാസ്റ്റിക്ഇലകൾ, പ്ളേറ്റുകൾ എന്നിവയുടെ നികുതി നിരക്കുകൾ, വിദേശ മദ്യത്തിന്റെ നികുതിയിന്മേലുള്ള സാമൂഹ്യ സുരക്ഷാ സെസ്സ് എന്നിവ പേപ്പർ ലോട്ടറി, വെളിച്ചെണ്ണ ഒഴികെയുള്ള എല്ലാ ഭക്ഷ്യ എണ്ണകളുടെ നികുതിയും, യു.പി.എസ്, അലൂമിനിയം കോമ്പോസിറ്റ് പാനൽ, മാനുഫാക്ച്ചേർഡ് സാൻഡ് എന്നിവയുടെ നിരക്കുകൾ വർദ്ധിപ്പിച്ചു. കൂടാതെ ഇന്ത്യൻ നിർമ്മിത മദ്യത്തിന്റെ സർചാർജ്ജും, ക്യാന്റീൻ സ്റ്റോഴ്സ് മുഖേന വിൽക്കുന്ന വിദേശ മദ്യത്തിന്റെ നികുതിയും അതോടൊപ്പം, കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള വിദേശ മദ്യത്തിന്റെ നികുതി നിരക്കും, ബിയർ ആൻറ് വൈനിന്റെ നികുതി നിരക്കും വർദ്ധിപ്പിച്ചു.

അതിന്റെ പശ്ചാത്തലത്തിൽ നികുതി വർദ്ധന 2014-15 ൽ 26% ആയി ഉയരേണ്ടിയിരുന്നു. എന്നിട്ടും ആനുപാതിക വളർച്ച ഉണ്ടാകാതിരുന്നതിന്റെ കാരണങ്ങൾ താഴെ പറയുന്നു.

റബ്ബറിന്റെ വിലയിടിവ്, മോട്ടോർ വാഹന വിൽപ്പനയിൽ വന്ന കുറവ്, എണ്ണ വിലയിലുണ്ടായ കുറവ്, ഫർണസ് ഓയിൽ, ബിറ്റുമെൻ എന്നിവയുടെ വിൽപനയിലുണ്ടായ കുറവും നികുതി വരുമാനത്തെ ബാധിച്ചു. സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗ് നിരക്ക് കുറവ് ചെയ്യുതും, അരി, ഗോതമ്പ്, മൈദ, ആട്ട, സൂചി ഇവയെ നികുതിയിൽ നിന്നും ഒഴിവാക്കിയതും നികുതി വരുമാനത്തിൽ കുറവ് വന്നതിനുള്ള കാരണമായി. ആഗസ്റ്റ് വരെ ഓഫ് സീസണായതിനാൽ ആഢംബര നിരക്ക് 12.5 % നിന്നും 7% ആയി കുറച്ചത് ആഢംബര നികുതി വരുമാനത്തിലെ കുറവിനു കാരണമായിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിൽ സമ്മതാധാരം, ബന്തവസാധാരം സംബന്ധിച്ച പിഴ, പ്രതിമാസ നിക്ഷേപ സ്കീമിലേയ്ക്ക് സഹകരണ ബാങ്കുകളിലും സൊസൈറ്റികളിലും ഉള്ള നിക്ഷേപകരുടെ ഉടമ്പടി, ബാങ്കും ഭൂവുടമകളും തമ്മിൽ എ.റ്റി.എം മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഉടമ്പടി, കമ്പനികളും ഭൂവുടമകളും തമ്മിൽ

മൊബൈൽ ടവർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഉടമ്പടി, കമ്പനിയായി കൂടുന്നതിനുള്ള ചട്ടം, ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, റദ്ദുകരണം, ഷെയർ സർട്ടിഫിക്കറ്റ്, ചിട്ടി വരിയോല, തീറാധാരം, കുടുംബാംഗങ്ങൾ തമ്മിലുള്ള ദാനം, കുറിമാനമോ, മെമ്മോറാണ്ടമോ, കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, കൂട്ടുകച്ചവടം, കൂട്ടുകച്ചവട പിരിവാധാരം, ഒഴിമുറി കുടുംബാംഗങ്ങളുടെ പേർക്കുള്ള ധനനിശ്ചയം, ധനനിശ്ചയറദ്ദ്, പാട്ട ഒഴിമുറി എന്നിവയ്ക്കുള്ള നിരക്ക് വർദ്ധിപ്പിച്ചു.

ദീർഘനാളായി പരിഷ്ക്കരിക്കാതിരുന്ന ചിലയിനം ആധാരങ്ങളുടെ നിരക്ക് വർദ്ധിപ്പിച്ചെങ്കിലും രജിസ്ട്രാക്കപ്പെടുന്ന ആധാരങ്ങളിൽ അവ കുറവായതും കൂടുതലായി രജിസ്ട്രാക്കപ്പെടുന്ന ആധാരങ്ങളുടെ മുദ്രാ ഫീസ് എന്നിവയുടെ പരിധി നീക്കം ചെയ്തിട്ട് ഏറെ നാൾ ആകാത്തതും കൂടാതെ രജിസ്ട്രാക്കപ്പെടുന്ന ആധാരങ്ങളുടെ എണ്ണത്തിൽ കുറവ് വന്നതും ആനുപാതിക വളർച്ച ഉണ്ടാകാതിരുന്നതിന് കാരണമായി കരുതുന്നു.

സെക്ഷൻ ഓഫീസർ